# സമൂഹസൃഷ്ടിയിൽ സ്ത്രീകളുടെ പങ്ക് നിർണായകം-ഗവർണർ

കരുനാഗപ്പള്ളി: സ്ത്രീകൾക്ക് സമൂഹനിർമാണത്തിലുള്ള പങ്ക് വളരെ നിർണായകമാണെന്ന് കേരള ഗവർണർ ഷീലാ ദീക്ഷിത് പറഞ്ഞു.

അമൃത സർവകലാശാല റിസർച്ച് വിഭാഗമായ അമ്മച്ചി ലാബ്സ് നടത്തിവരുന്ന സ്ത്രീശാക്തീകരണ പദ്ധതികളുടെ വിജയാഘോഷക്കൂട്ടായ്മ അമൃതപുരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോടെ സ്ത്രീകൾക്ക് ക്രിയാത്മകമായ കാര്യങ്ങളിൽ പങ്കെടുക്കാൻ ശക്തി ലഭിക്കും.

ഈ പ്രവർത്തനങ്ങളിലൂടെ സ്വയംമാറാൻ സാധിക്കും. ആ മാറ്റം സമൂഹത്തിലും രാഷ്ട്രനിർമാണത്തിലും പ്രതിഫലിക്കുന്നതായി കാണാൻ കഴിയും. കേരളത്തിലും തമിഴ്നാട്ടിലുമായി മൂവായിരത്തിലധികം സ്ത്രീകൾക്ക് വളരെയധികം സേവനം ഈ പ്രവർത്തനങ്ങളിലൂടെ നൽകപ്പെട്ടിരിക്കുന്നു.

അമ്മയുടെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം ഇത്രയും സ്ത്രീകൾക്ക് സ്വന്തംകാലിൽ നിൽക്കാൻ പ്രാപ്തികൈവന്നിരിക്കുന്നു. വ്യക്തിപരമായും കുടുംബപരമായും സാമൂഹികപരമായും വളർച്ച നേടാനും അതിനുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ ഊർജസ്വലരായി പങ്കെടുക്കാനും സ്ത്രീകൾക്ക് കഴിയുന്നു.

അമ്മ സ്ത്രീകൾക്കുവേണ്ടി മാത്രമല്ല, അമ്പതിനായിരം വീടുകൾ നിർമിച്ച് പാർപ്പിടസൗകര്യം ഉണ്ടാക്കുന്നതിലും ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മേഖലകളിലും വളരെയധികം കാര്യങ്ങളാണ് ഇന്ന് ലോകത്തിന് നൽകിക്കൊണ്ടിരിക്കുന്നതെന്നും ഗവർണർ ചൂണ്ടിക്കാട്ടി.



അമൃത സർവകലാശാല റിസർച്ച് വിഭാഗമായ അമ്മച്ചി ലാബ്സ് നടത്തിവരുന്ന സ്ത്രീശാക്തീകരണ പദ്ധതികളുടെ വിജയാഘോഷക്കൂട്ടായ്മ അമൃതപുരിയിൽ ഗവർണർ ഷീലാ ദീക്ഷിത് ഉദ്ഘാടനം ചെയ്യുന്നു. മാതാ അമൃതാനന്ദമയി, കുഞ്ചാക്കോബോബൻ തുടങ്ങിയവർ സമീപം

ഇന്ത്യയിലെ യു.എൻ. റെസിഡൻറ് കോ-ഓർഡിനേറ്റർ ലിസെ ഗ്രാൻഡെ, സിനിമാതാരം കുഞ്ചാക്കോ ബോബൻ എന്നിവർ ചടങ്ങിൽ മുഖ്യാതിഥിയായി.

സ്ത്രീശാക്തീകരണ പരിപാടി അമ്മച്ചി ലാബ്സ് ഡയറക്ടർ ഭവാനി പരിചയപ്പെടുത്തി. അമൃത സർവകലാശാല വൈസ് ചാൻസലർ ഡോ. വെങ്കട് രങ്കൻ സ്വാഗതവും ക്രിസ്റ്റഫർ കൊവലെ നന്ദിയും പറഞ്ഞു. ഐക്യരാഷ്ട്രസഭയുടെ ജനാധിപത്യ ഫണ്ടിൻെറ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയത്.

18 മാസമായി കേരളത്തിലെയും തമിഴ്നാട്ടിലെയും 3134 സ്ത്രീകൾക്ക് പരിശീലനം നൽകി. കേരളത്തിലും തമിഴ്നാട്ടിലുമായി സ്ഥാപിച്ച 18 സ്ത്രീശാക്തീകരണ കേന്ദ്രങ്ങളിലും 9 മൊബൈൽ പരിശീലന കേന്ദ്രങ്ങളിലുമായാണ് പരിശീലനം നൽകിയത്. പരിശീലനത്തിൻെറ ഫലമായി 29 സ്വാശ്രയസംഘങ്ങളും സ്ഥാപിച്ചുകൊണ്ട് 6 ചെറുവ്യവസായങ്ങളും ആരംഭിച്ചു. പദ്ധതി അവസാനിക്കുന്നതിന് മുമ്പായി 10 ലക്ഷം രൂപയിൽ കൂടുതൽ സഞ്ചിതവരുമാനം നേടി.

മാസംമുഴുവൻ നീണ്ടുനിൽക്കുന്ന വൈദഗ്ധ്യ പരിശീലനം, പാഠ്യക്രമത്തിൽ പങ്കെടുത്ത സ്ത്രീകൾ മദ്യവർജനം, പരിസര ശുചിത്വം തുടങ്ങി 73 ബോധവത്കരണ പ്രവർത്തനങ്ങളും അവരുടെ സമൂഹത്തിൽ നടത്തി.

പരിപാടിയുടെ ഭാഗമായി പരിശീലനം പൂർത്തിയാക്കിയവർക്കുള്ള ഉത്പന്ന ഗുണനിലവാര മത്സരം, ശില്പശാല, സ്ത്രീകൾ നിർമിച്ച വ്യത്യസ്ത ഇനങ്ങളിലുള്ള ആഭരണങ്ങളുടെയും അലങ്കാര വസ്തുക്കളുടെയും പ്രദർശനവും വില്പനയും എന്നിവയും നടന്നു.